ഉത്തരം

(എ & ബി) ഉണ്ട്.എം.പി. എൽ.എ.ഡി. സ്കീമിൽ 5-1-2001 ൽ ടെണ്ടർ ചെയ്തെങ്കിലും, ടെണ്ടർ ഒന്നും ലഭിക്കാത്ത സാഹചര്യത്തിൽ റീടെണ്ടറിന് നടപടികൾ എടുത്തു വരുന്നു.

(സി) നടപടികൾ സ്വീകരിച്ചു വരുന്നു.

വടക്കാഞ്ചേരി റെയിൽവേ പാലത്തിനോടനുബന്ധിച്ചുള്ള റോഡിന്റെ പണി

70 (750) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലത്തിനോടനുബന്ധിച്ചുള്ള റോഡിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) വടക്കാഞ്ചേരി ആർ.ഒ.ബി.ക്ക് അനുബന്ധമായി റോഡ് പണിയുന്നതിന് ഇതുവരെ എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) അനുബന്ധ റോഡിന്റെ പണി പൂർത്തിയാക്കി റെയിൽവേയ്ക്ക് എന്ന് കൈമാറാൻ കഴിയും ?

ഉത്തരം

(എ) പണി 30 ശതമാനം പൂർത്തിയായിട്ടുണ്ട്.

(ബി) 18,41,444 രൂപ

(സി) 2002 മാർച്ചിൽ പണി പൂർത്തികരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

വ്യവസായ സംരംഭങ്ങൾ

71 (560) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2001 ജനുവരി 31 വരെ പൊതുമേഖല, സഹകരണമേഖല, സ്വകാര്യ മേഖല എന്നീ ഓരോ മേഖലകളിലായി ഏതെല്ലാം വൻകിട/ചെറുകിട വ്യവസായങ്ങളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഇവയിൽ ഏതേത് വ്യവസായങ്ങൾക്കാണ് വിദേശസഹായം ലഭിച്ചിട്ടുള്ളതെന്നും ഏതെല്ലാം വിദേശരാജ്യങ്ങളിൽ നിന്നാണ് സഹായം ലഭിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ ;

(സി) ഇവയിൽ ഓരോന്നിനും വേണ്ടി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ മുതൽ മുടക്കുകൾ എത്ര വീതമാണ് ;

(ഡി) ഇവയിലൂടെ ഉണ്ടായിട്ടുള്ള തൊഴിലവസരങ്ങൾ എത്രയെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എസ്.ഐ.ഡി.സി.യുടെ സഹകരണത്തോടെ 194 പദ്ധതികളും (വിശദാംശം അനുബന്ധം-1 ൽ*) സഹകരണ മേഖലയിൽ 4 പദ്ധതികളും (വിശദാംശം അനുബന്ധം-2 ൽ*) സ്ഥാപിച്ചിട്ടുണ്ട്. വ്യവസായവും വാണിജ്യവും വകുപ്പിന്റെ സഹായത്താൽ സഹകരണ മേഖലയിൽ 2523 ചെറുകിട വ്യവസായങ്ങളും, സ്വകാര്യമേഖലയിൽ 92152 ചെറുകിട വ്യവസായങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കിൻഫ്രയുടെ സഹായത്തോടെ സംയുക്ത മേഖലയിൽ ഒന്നും സ്വകാര്യ മേഖലയിൽ രണ്ടും വ്യവസായങ്ങൾ കിൻഫ്രാ പാർക്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ടെക്നോ പാർക്കിൽ 44 സ്വകാര്യ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സ്വകാര്യമേഖലയിൽ കിൻഫ്രായുടെ കാക്കനാട്ടുള്ള എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ കേരള കെമിക്കൽസ് ആന്റ് പ്രോട്ടീൻസ് ലിമിറ്റഡ്, ജപ്പാനുമായി ചേർന്നും, കേരള ഫൈബർടെക്സ് പ്രൈവറ്റ് ലിമിറ്റഡ്, ഇറ്റലിയുമായി ചേർന്നും വ്യവസായം ആരംഭിച്ചിട്ടുണ്ട്. സംയുക്തമേഖലയിൽ കിൻഫ്രയുടെ തലശ്ശേരിയിലുള്ള ചെറുകിട വ്യവസായ പാർക്കിൽ റബ്കോ, മലേഷ്യ ഗ്രൂപ്പുമായി ചേർന്ന് റബ്കോ ഹുവാട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിലും വ്യവസായം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ളതും പ്രവാസി വിദേശ നിക്ഷേപമുള്ളതുമായ വ്യവസായങ്ങളുടെ വിവരം അനുബന്ധത്തിൽ കാണാവുന്നതാണ്.*

(സി) കെ. എസ്. ഐ. ഡി. സി. യുടെ പരിധിയിലുള്ള വയ്ക്ക് കെ.എസ്.ഐ.ഡി.സി. 231 കോടി രൂപ മുതൽ മുടക്കിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന മുതൽമുടക്കില്ല.

(ഡി) കെ.എസ്.ഐ.ഡി.സി.യുടെ പദ്ധതികളിലൂടെ 14781-ഉം സഹകരണ മേഖലയിൽ 4099-ഉം ചെറുകിട വ്യവസായ മേഖലയിൽ 335826-ഉം തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ട്. കയർ മേഖലയിൽ 25000-ഉം ടെക്നോ പാർക്കിൽ 4591 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കിൻഫ്രയുടെ പാർക്കിലുള്ള കേരള കെമിക്കൽസ് ആന്റ് പ്രോട്ടീൻസ് ലിമിറ്റഡിൽ 105 പേർക്കും റബ്കോ ഹുവാട്ട് പ്രൈവറ്റ് ലിമിറ്റഡിൽ 200 പേർക്കും തൊഴിൽ ലഭിച്ചിട്ടുണ്ട്.

പുതിയ വ്യവസായ ശാലകൾ

72(561) ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി സംസ്ഥാനത്ത് എത്ര വ്യവസായശാലകൾ സ്ഥാപിച്ചു.

(ബി) ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇതുമൂലം എത്ര തൊഴിലാളികൾക്ക് തൊഴിൽ ലഭിച്ചു ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly